# പൊക്കാളിപ്പാടങ്ങൾ വിളസമൃദ്ധിയുടെ കേദാരങ്ങൾ

5

**ഡോ. കെ. എസ്. പുരുഷൻ**
കേരള കാർഷിക സർവകലാശാല ഫിഷറീസ് സ്റ്റേഷൻ,
പുതുവൈപ്പ് – 682 508, കൊച്ചി

മദ്ധ്യകേരളത്തിൽ ഉൽപ്പാദന മേഖലയെ സമ്പന്നമാക്കുന്ന പൊക്കാളി നെല്ലും ചെമ്മീനും കർഷകർക്ക് ആവേശം പകരുന്ന മികവുറ്റ വിളകളാണ്. സീസണനുസരിച്ച് അവയോരോന്നും മാറി മാറി വിളയിച്ചെടുക്കുന്ന കൃഷി സമ്പ്രദായം വളരെ പണ്ടു മതുൽ ആരംഭിച്ചതാണ്. കാലാവസ്ഥയുടെ ഭേദമനുസരിച്ച് ഒരേ പാടങ്ങൾ തന്നെ ആവർത്തന കൃഷിക്ക് ഉപയോഗപ്പെടുത്തി നെല്ലും, മൽസ്യ–ചെമ്മീനും സമൃദ്ധമായി കൊയ്തെടുക്കുന്നതിലൂടെ ഭക്ഷ്യ ക്ഷാമം പരിഹരിക്കാനും, സാമ്പത്തികാഭിവൃദ്ധി കൈവരിക്കാനും ഉതകുന്ന ഇതര കാർഷികവൃത്തിയും വിരളമാണ്. പ്രസ്തുത കൃഷി സമ്പ്രദായം അവരുടെ നിലനിൽപ്പിലും ജീവിത ഭദ്രതയും സാമൂഹിക പുരോഗതിയും പ്രദാനം ചെയ്യുന്നതിലും ഗണ്യമായ സംഭാവനകൾ നൽകുന്നുണ്ട്.

ഭക്ഷ്യോൽപ്പാദന ശൃംഖലയിലെ സുപ്രധാന ആവാസ വ്യവസ്ഥയും ഏറെ ഫലഭൂയിഷ്ഠവുമായ പൊക്കാളിപ്പാടങ്ങളെക്കുറിച്ച് കേൾക്കാത്തവർ കുറയും. സൗരോർജ്ജത്തെ ആഗിരണം ചെയ്തുകൊണ്ട് കാലഭേദമനുസരിച്ച് മുറതെറ്റാതെ വിശിഷ്ട വിഭവങ്ങളായ നെല്ലും മീനും ഉൽപ്പാദിപ്പിക്കുന്ന വിലപ്പെട്ട ധർമ്മം അവ നിർവഹിക്കുന്നു. തികച്ചും പ്രകൃതിനിയമങ്ങൾക്കും വിധേയമായി നിലകൊള്ളുന്ന ഇവ ജൈവ വൈവിദ്ധ്യത്തെ സംരക്ഷിക്കുന്നതിലും മഹനീയമായ പങ്കുവഹിക്കുന്നു. പുരാതന കാലം മുതൽ നെല്ലും ചെമ്മീനും നല്ലപോലെ ഉൽപ്പാദിപ്പിക്കുന്ന പൊക്കാളിപ്പാടങ്ങൾ പ്രകൃതിയുടെ കലവറയിലെ അമൂല്യമായ ഭക്ഷ്യ സ്രോതസ്സായി പരിഗണിക്കപ്പെടുന്നു.

നേരിട്ടും അല്ലാതേയും സമ്പർക്കപ്പെടുന്ന പ്രധാന ജലാശയങ്ങളിലും കായലുകളിലും ദിനംപ്രതിയുള്ള അടിസ്ഥാന ഭക്ഷ്യോൽപ്പാദനം ഘനമീറ്ററിന് ശരാശരി 0.2–1.5 ഗ്രാം ആയിരിക്കേ, പൊക്കാളിപ്പാടങ്ങളിലേത് 0.5–2.0 ഗ്രാം ആണെന്ന് മനസ്സിലാക്കിയിട്ടുണ്ട്. അടിസ്ഥാന ഭക്ഷ്യോൽപ്പാദനത്തെ ആശ്രയിച്ചു നിലകൊള്ളുന്ന ജന്തുവപ്ലവകങ്ങളിലും, സസ്യാഹാരികളായ മൽസ്യങ്ങളിലും, അടിത്തട്ടിൽ നിവസിക്കുന്ന ചെമ്മീനുൾപ്പടെയുള്ള ജല ജന്തു വർഗ്ഗങ്ങളിലും ഇത് ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഇവയുടെ ആകെത്തുകയാണ് സീസണനുസരിച്ച് നെല്ലും മൽസ്യ–ചെമ്മീനും സമൃദ്ധമായി വിളയിക്കുന്നതിൽ പ്രതിഫലിക്കുന്നത്. ഇക്കാര്യത്തിൽ വളരെ മികച്ച പ്രകടനം കാഴ്ചവെക്കുന്ന വൈപ്പിൻകരയിലെ പൊക്കാളിപ്പാടങ്ങൾ പുകൾപെറ്റതാണ്.

മെയ്–ഒക്ടോബർ മാസങ്ങളിലാണ് 'പൊക്കാളി' എന്ന പ്രത്യേകതരം നെല്ല് ഇവയിൽനിന്നും കൃഷിചെയ്തെടുക്കുന്നത്. കേരളത്തിൽ കാലവർഷം പെയ്തിറങ്ങുന്ന പ്രസ്തുത മൺസൂൺ കാലം ഈ കൃഷിക്ക് ഏറ്റവും അനുയോജ്യമാണ്. ഉപ്പുരസത്തെ താരതമ്യേന അതി

ജീവിക്കാൻ കഴിയുന്ന സവിശേഷത പൊക്കാളിക്കുണ്ട്. ഉയർന്ന ജലനിരപ്പിലും വെള്ളത്തിന് മീതെ ഉയർന്ന് നിന്ന് വളരാൻ പറ്റിയ ഒരിനം നെല്ലാണിത്. വളരെ രുചിയും ഏറെ ഡിമാന്റുമുള്ള ഈ നെല്ല് കാലവർഷത്തെ ആശ്രയിച്ച് വിളയിച്ചെടുക്കുന്നത് ഒരു ഹരമായി ഇന്നും കർഷകർ കരുതിപ്പോരുന്നു.

പൊക്കാളിക്കൊയ്ത്തിനു ശേഷം നെൽപ്പാടങ്ങൾ ചെമ്മീൻ വാറ്റിനുള്ള വയലുകളാക്കി ചിറയും തുമ്പും ഉറപ്പിച്ച് രുപാന്തരപ്പെടുത്തുന്നു. നെൽകൃഷിക്കുവേണ്ടി തയ്യാർ ചെയ്തിട്ടുള്ള തുണ്ടു തുണ്ടു നിലങ്ങൾ സഹകരണാടിസ്ഥാനത്തിൽ കൂട്ടിച്ചേർത്ത് വലിയ പാടശേഖരങ്ങളാക്കിയാണ് വാറ്റുന്നത്. നവമ്പർ 15 മുതൽ ഏപ്രിൽ 14 വരെയുള്ള 5 മാസത്തേക്ക് ചെമ്മീൻ വാറ്റുന്നതിനായി പാടങ്ങൾ ലേലം ചെയ്തുകൊടുക്കുന്നു. സാധാരണ ഗതിയിൽ അരമീറ്റർ മുതൽ ഒന്നര മീറ്റർ വരെ ആഴമുള്ള പൊക്കാളിപ്പാടങ്ങളുടെ വിസ്തൃതി അര മുതൽ അമ്പത് ഹെക്ടർ വരെ വ്യത്യാസപ്പെട്ടിരിക്കും.

മൂന്ന് പതിറ്റാണ്ട് മുമ്പുവരെ ഹെക്ടറിന് ഒന്നൊന്നര ടൺ ചെമ്മീനും അതുപോലെ തന്നെ മീനും പൊക്കാളിപ്പാടങ്ങളിൽ നിന്നും കിട്ടുമായിരുന്നു. അതേ പാടങ്ങളിൽ ഒന്നര-രണ്ടു ടൺ നെല്ലും അത്രയും തന്നെ വൈക്കോലും വിളിയിക്കുകയും ചെയ്തിരുന്നു. എന്നാൽ 1980 കൾക്കുശേഷം വന്നുപെട്ട ജലമലിനീകരണം ഉൾപ്പെടെയുള്ള പ്രതികൂലതകളാൽ പ്രസ്തുത അവസ്ഥാവിശേഷം തുടർന്നില്ല. ചെറുതും വലുതുമായ അസംഖ്യം വ്യവസായശാലകളിൽ നിന്നും ഒഴുക്കിവിടുന്ന മാലിന്യങ്ങൾ, കീടനാശിനികളുടേയും മറ്റു രാസവസ്തുക്കളുടേയും ഒലിച്ചിറങ്ങൽ, നാഗരികവും ഗാർഹികവുമായ ജൈവ-അജൈവ മാലിന്യങ്ങളുടെ പുറന്തള്ളൽ, വ്യാപകമായ തോതിലുള്ള തൊണ്ടഴുക്കൽ, നഗര വികസനത്തിനും പാർപ്പിട വികസനത്തിനും വേണ്ടിയുള്ള കായൽ നികത്തൽ, അശാസ്ത്രീയമായ ബണ്ടു നിർമ്മാണം എന്നിവയുടെയൊക്കെ സമ്മർദ്ദത്താൽ ജലാശയങ്ങളുടെ ഘടനാ വിശേഷത്തിൽ മാറ്റം ഉണ്ടായതും, ജലഗുണ മഹിമക്ക് കോട്ടം തട്ടിയതും, കാർഷിക സമ്പത്തിന് ഹാനിവരുത്തുകയുണ്ടായി. ഇതിന്റെയൊക്കെ ആഘാതത്തിൽ ജൈവോൽപ്പാദനം മന്ദീഭവിച്ചപ്പോൾ കൂടുതൽ പരുക്കേറ്റത് നെൽക്കൃഷിക്കാണ്. ചെമ്മീനുൽപ്പാദനത്തിനും കാര്യമായ തോതിൽ ദോഷം സംഭവിച്ചുവെങ്കിലും എൺപതുകളിൽ രംഗത്തേക്ക് കടന്നുവന്ന ചില സാങ്കേതിക രീതികൾ ചെമ്മീൻകൃഷിയെ മുന്നോട്ടു നയിക്കാൻ ഇടയാക്കി.

പണ്ടത്തേതിൽ നിന്നും വ്യത്യസ്തമായി നെല്ലുൽപ്പാദനം അതിശയകരമായ തോതിൽ കുറഞ്ഞുപോയപ്പോൾ കാർഷിക മേഖല തളരാൻ ഇടയായി. കൂലിച്ചെലവാണെങ്കിൽ രണ്ടുമൂന്നിരട്ടി



പൊക്കാളി പാടശേഖരങ്ങൾ

വർദ്ധിക്കുകയും ചെയ്തു. മാത്രവുമല്ല, വേണ്ടപ്പോൾ കൃഷിപ്പണിക്കും കൊയ്ത്തിനും ആളെ കിട്ടാനില്ല എന്ന പരാതിയും വിഭവം എന്ന നിലയിൽ നെൽക്കൃഷി ഉപേക്ഷിച്ചു ചെമ്മീൻ വളർത്തലിനു മാത്രം പാടങ്ങൾ ഉപയോഗപ്പെടുത്തിയാൽ കൂടുതൽ മെച്ചം ഉണ്ടാക്കാമെന്ന ത്വര ചില സംരംഭകരിൽ പ്രകടമായി. ജലജീവി പരിപാലനത്തിന് അത്യന്താപേക്ഷിതമായ നിഷ്ക്കർഷതകൾ പാലിക്കാതേയും, ഗുണമേന്മയില്ലാത്ത ചെമ്മീൻ

കുഞ്ഞുങ്ങളെ യഥേഷ്ടം സംഭരിച്ചും, ഗുണദോഷ വിചിന്തം നടത്താതെ കൈത്തീറ്റ നൽകിയും മുന്നേറിയപ്പോൽ പലപ്പോഴും താളംതെറ്റലും കൃഷിപ്പിഴവും ഉണ്ടായി. നിനച്ചിരിക്കാതെ ചെമ്മീൻ രോഗവും വന്നുപെട്ടു. ചാവുന്ന സ്ഥിതി വിശേഷവും നിയന്ത്രണാതീതമായി. രോഗ ഭീതിയും വിളനാശവും പരിസ്ഥിതി തകർച്ചയും അങ്കലാപ്പുണർത്തുന്ന അവസ്ഥയാണ് ഇപ്പോൽ നിലനിൽക്കുന്നത്. പരിഹാരത്തിന് പലരീതിയിലുള്ള വഴികൾ പരതുന്നുണ്ടെങ്കിലും യാതൊന്നും ഫലവത്തായിട്ടില്ല.

കൂടാതെ പാടങ്ങൾ നികത്തിയെടുത്ത് മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് വ്യാവസായിക പുരോഗതിക്ക് മാറ്റുകൂട്ടും എന്ന ചിന്താഗതിയും പ്രബലമായി.

അങ്ങനെ വികലമായ വികസന സമീപനങ്ങളിലൂടെ പലേടത്തും പൊക്കാളിപ്പാടങ്ങൾ ക്രമേണ അപ്രത്യക്ഷമാവുകയും, പരിസ്ഥിതിക്കിണങ്ങാത്തതരം എടുപ്പുകളാക്കി പരിണമിപ്പിക്കുകയും ചെയ്തു. അതിനെതിരെ ചെറുത്തു നിൽപ്പുകളും അലോസരങ്ങലും നടമാടുന്ന കാർഷിക മേഖല അക്ഷരാർത്ഥത്തിൽ വീർപ്പുമുട്ടുകയാണ്. ഇതേച്ചൊല്ലി വാദപ്രതിവാദങ്ങൾ നടക്കുന്നുണ്ടെങ്കിലും ആശാസ്യമായ പോംവഴി ഇനിയും ഉരുത്തിരഞ്ഞിട്ടില്ല. ജൈവ–ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ട് പലതരം ജലകൃഷി വിഭവങ്ങൾ മുറതെറ്റാതെ ചൂഷണം ചെയ്തെടുക്കേണ്ടുന്ന സ്വീകാര്യമായ മാതൃക വികസിപ്പിച്ച് എടുക്കേണ്ടതിലേക്കിത് വിരൽ ചൂണ്ടുന്നു.

പൊക്കാളിപ്പാടങ്ങളിൽ കാലാകാലങ്ങളിൽ അനുവർത്തിക്കുന്ന നെല്ല് – ചെമ്മീൻ ആവർത്തന കൃഷി സമ്പ്രദായം സവിശേഷമായ ഉൽപ്പാദന മികവിന് ഇടവരുത്തുന്നുണ്ടെന്ന് ലോകപ്രശസ്ത കൃഷി ശാസ്ത്രജ്ഞാൻ ഡോ. ഹരീശ്വരൻ 1991–ൽ തന്നെ അഭിപ്രായപ്പെട്ടത് ഇത്തരുണത്തിൽ സ്മരണീയമാണ്. എന്നിരുന്നാലും നിത്യഭീഷണിക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന വയലേലകളെ വേണ്ടത്ര അവധാനതയോടെ കൈകാര്യം ചെയ്യാൻ കഴിയുന്നില്ലെന്നത് വർത്തമാന കാലഘട്ടത്തിലെ ഒരു പോരായ്മായായി ചൂണ്ടിക്കാണിക്കാം.

മുൻ വിവരിച്ചതിൽ നിന്നും വിശ്ഷ്ടമായ ആഹാരോൽപ്പാദനത്തിൽ പൊക്കാളിപ്പാടങ്ങളുടെ പങ്ക് എത്രമാത്രം വിപുലവും നിർണ്ണായകവും ആണെന്ന് വ്യക്തമായിരിക്കുമല്ലോ? ജൈവ–വൈവിദ്ധ്യ സംരക്ഷണത്തിലും പ്രകൃതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിലും, സർവ്വോപരി മനുഷ്യരാശിയുടെ ആഹാരാവശ്യം നല്ലൊരളവിൽ നിറവേറ്റുന്നതിലും വിവരിക്കാനാവാത്ത വിധത്തിലുള്ള ധർമ്മമാണ് അവ അനുഷ്ഠിച്ചു പോരുന്നത്. ശരിയായ വിശകലനത്തിൽ സർവ്വവിധ സമൃദ്ധിയും തികഞ്ഞ പൊക്കാളിപ്പാടങ്ങളെ ജനതതിക്കെന്നും അനുഗ്രഹം ചൊരിഞ്ഞു കൊണ്ടിരിക്കുന്ന ഭക്ഷ്യ കലവറയിലെ നിത്യസ്ത്രോസ്സുകളോ അഥവാ ഈറ്റില്ലങ്ങളോ ആയി വിവക്ഷിക്കാവുന്നതാണ്. ഇപ്പോഴത്തെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ നിന്നും അവഗണനയിൽ നിന്നും അവയെ സംരക്ഷിക്കാൻ കൂട്ടായ ശ്രമങ്ങളും, കരുതലോടെയുള്ള സമീപനങ്ങളും, വിവേകപൂർണ്ണമായ തീരുമാനങ്ങളും നിയമത്തിന്റെ പിൻബലവും ആവശ്യമാണ്. എന്തെന്തു സാഹചര്യത്തിലും പ്രകൃതിയുടെ ഈടുവയ്പുകളെന്ന് നിസ്സംശയം വിശേഷിപ്പിക്കാവുന്ന പ്രസ്തുത വിളനിലങ്ങൾ ഭദ്രതയോടെ തന്നെ അനന്തര തലമുറക്ക് കൈമാറാനുള്ള ദൗത്യം ഏറ്റെടുത്തേ മതിയാവൂ. അങ്ങിനെ, പ്രകൃതിദത്ത ആഹാരോൽപ്പാദനത്തിന്റെ അപൂർവ്വ ഉറവിടങ്ങൾ ആവും വിധം കാത്തു സൂക്ഷിക്കാനുള്ള ഉത്തരവാദിത്തം ഓരോരുത്തരും ആത്മാർത്ഥമായി നിർവഹിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.